# 47. ഉഗ്രവാദവും നിയമവാഴ്ചയും

ഒരു തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി നോമിനേഷൻ നൽകിയ ഒരാൾ വോട്ടെടുപ്പു നടക്കുന്നതിനുമുമ്പു മരിച്ചാൽ, അയാളുടെ നിയോജക മണ്ഡലത്തിലെ തെരഞ്ഞെടുപ്പ് നിർത്തിവയ്ക്കണമെന്ന് ഇന്ത്യയിലെ ജനപ്രാതിനിധ്യനിയമം അനുശാസിച്ചിരുന്നു. മരിച്ച സ്ഥാനാർത്ഥി ഏതെങ്കിലും അംഗീകൃത രാഷ്ട്രീയപ്പാർട്ടിയിൽ അംഗമായിരുന്നെങ്കിൽ മാത്രമേ തെരഞ്ഞെടുപ്പു നിർത്തിവയ്ക്കേണ്ടതുള്ളൂ എന്നു വ്യവസ്ഥചെയ്യുന്ന ഒരു ഓർഡിനൻസ് സെപ്തംബർ 8—ാം തീയതി രാഷ്ട്രപതി പുറപ്പെടുവിക്കുകയുണ്ടായി. പഞ്ചാബിലെ തെരഞ്ഞെടുപ്പ് സുഗമമാക്കുന്നതിനു വേണ്ടിയാണ് ഇങ്ങനെ ഒരു ഓർഡിനൻസിലൂടെ, ജനപ്രാതിനിധ്യ നിയമത്തിൽ ഭേദഗതി വരുത്തിയത്.

പഞ്ചാബിൽ ഉഗ്രവാദികളും അവർക്കു പിന്തുണ നൽകുന്ന ബാബാ ജോഗീന്ദർ സിംഹിന്റെ യുണൈററഡ് അകാലി പാർട്ടിയും തെരഞ്ഞെടുപ്പിനെ എതിർത്തിരിക്കുകയാണ്. വോട്ടെടുപ്പു നടക്കുന്നതിനുമുമ്പ് മരിക്കുമെന്ന് ഉറപ്പുള്ള രോഗികളുടെയും വൃദ്ധന്മാരുടെയും പേരിൽ നോമിനേഷൻ കൊടുക്കുകയാണു തെരഞ്ഞെടുപ്പ് തടയുന്നതിനുള്ള ഒരു മാർഗ്ഗം. മററൊന്ന് സ്ഥാനാർത്ഥിയായി പേരു നൽകിയ ഏതെങ്കിലുമൊരാളെ കൊലപ്പെടുത്തുകയും. ഈ മാർഗ്ഗങ്ങളിലൂടെ പഞ്ചാബിലെ ഏതെങ്കിലും നിയോജകമണ്ഡലങ്ങളിൽ തെരഞ്ഞെടുപ്പു തടസ്സപ്പെടുത്തുന്നതു് അസാധ്യമാക്കുകയാണ് ഇപ്പോൾ പുറപ്പെടുവിച്ച ഓർഡിനൻസിന്റെ ലക്ഷ്യം. അംഗീകൃതപാർട്ടികളിൽപ്പെട്ട ഓരോ സ്ഥാനാർത്ഥിക്കും രണ്ടു് അംഗരക്ഷകരെവീതം ഗവൺമെൻറ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇവർക്കു പുറമെ സ്ഥാനാർത്ഥികൾ സ്വയം നിയമിക്കുന്ന മൂന്നു് അംഗരക്ഷകർക്കു് ആയുധങ്ങൾ നൽകാനും ഗവൺമെൻറ് തയ്യാറായിട്ടുണ്ട്. ഇത്രയും വിപുലമായ സംരക്ഷണം എണ്ണത്തിൽ വളരെയധികം വരുന്ന 'സ്വതന്ത്ര' സ്ഥാനാർത്ഥികൾക്കു നൽകുക സാധ്യമോ, പ്രായോഗികമോ അല്ല. ഉഗ്രവാദികളുടെ വധശ്രമങ്ങളിൽനിന്ന് പഞ്ചാബിലെ 'സ്വതന്ത്ര' സ്ഥാനാർത്ഥികളെ മോചിപ്പിക്കുകകൂടി ഈ ഓർഡിനൻസുകൊണ്ടു് ഉദ്ദേശിച്ചിട്ടുണ്ട്. ഇനി മേൽ തെരഞ്ഞെടുപ്പു തടസ്സപ്പെടുത്താൻവേണ്ടി ആരും 'സ്വതന്ത്ര' സ്ഥാനാർത്ഥികളെ കൊലപ്പെടുത്തുകയില്ല.

ഹിംസയുടെ വേലിയേററം ഇന്ത്യയിൽ ജനാധിപത്യപ്രക്രിയയെ അസാധ്യമാക്കിക്കൊണ്ടിരിക്കുകയാണ്. മതത്തിന്റെപേരിലായാലും ജാതിയുടെപേരിലായാലും ഭാഷയുടെപേരിലായാലും, നക്സലിസംപോലെയുള്ള ഏതെങ്കിലും രാഷ്ട്രീയ ഉഗ്രവാദത്തിന്റെപേരിലായാലും, ക്രൂരവും പലപ്പോഴും നിരുദ്ദേശ്യകവുമായ ഹിംസയിൽ ഏർപ്പെടാൻ ധാരാളം ആളുകൾ ഇന്ത്യയിൽ തയ്യാറാണ്. ഇത്തരക്കാർക്ക് കൊല നടത്തുന്നതിൽ വിദഗ്ദ്ധപരിശീലനവും, മികച്ച അത്യാധുനിക ആയുധങ്ങളും, വേണ്ടത്ര പണവും നൽകാനും സംവിധാനങ്ങൾ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. കൊലപ്പെടുത്താൻ തങ്ങൾ തെരഞ്ഞെടുത്തവരെ വീട്ടിലോ, ആപ്പീസിലോ ചെന്ന് വെടിവെച്ചുവീഴ്ത്തി, ഒരു തെളിവും അവശേഷിപ്പിക്കാതെ രക്ഷപ്പെടാൻ, തുനിഞ്ഞിറങ്ങിയ രണ്ടോ മൂന്നോ സാഹസികർക്ക് അശേഷം പ്രയാസമില്ലെന്നാണ് ദൽഹിയിൽ ഈയിടെ നടന്ന രാഷ്ട്രീയഹത്യകൾ തെളിയിക്കുന്നതു്. ഇത്തരമൊരു അന്തരീക്ഷത്തിൽ യുക്തിവാദത്തിനോ, സാധാരണ ജനാധിപത്യപ്രക്രിയകൾക്കോ പ്രസ

ക്തിയില്ലാതാകുന്നു. സ്വാതന്ത്ര്യം ഇവിടെ സാമൂഹ്യവിരുദ്ധരുടെ തോന്ന്യവാസംമാത്രമായി അധഃപതിക്കുന്നു.

ഭാരതീയസമൂഹം ത്വരിതമായ പരിവർത്തനത്തിനു വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഇതിൻഫലമായി സംഘർഷങ്ങളും സംഘട്ടനങ്ങളും എവിടെയുമുണ്ട്. ഈ ചുററുപാടിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ലഭിക്കണമെങ്കിൽ, ജനാധിപത്യസ്വാതന്ത്ര്യങ്ങളെ യുക്തിസംഗതങ്ങളായ ചില നിയന്ത്രണങ്ങൾക്ക് വിധേയങ്ങളാക്കിയേ മതിയാവൂ. നിയമവാഴ്ച നിലനിൽക്കാത്ത ഒരു പ്രദേശത്ത് ജനാധിപത്യത്തിനു പറയത്തക്ക യാതൊരർത്ഥവും ഉണ്ടായിരിക്കയില്ല.

ജനങ്ങൾക്ക് സമാധാനജീവിതം ഉറപ്പുവരുത്തുന്നതിനായി, അവരുടെ ജനാധിപത്യസ്വാതന്ത്ര്യങ്ങളെ എത്രമാത്രം പരിമിതപ്പെടുത്താം എന്നതാണ് നവസ്വതന്ത്രങ്ങളായ ഭരിദ്രരാജ്യങ്ങളിലെല്ലാമുള്ള പ്രധാന പ്രശ്നം. പട്ടാളനിയമത്തിനുകീഴിൽ ജനാധിപത്യവ്യവസ്ഥിതിയാകെ ഞെരിഞ്ഞമരുന്നതിൻെറ ഉദാഹരണങ്ങൾ, ഏതാനും വർഷംമുമ്പ് ഇന്ത്യയുടെ ഭാഗങ്ങളായിരുന്ന പാകിസ്ഥാനിലും ബംഗ്ലാദേശിലും നാം കാണുന്നുണ്ട്. പല പരുക്കുകളോടെയാണെങ്കിലും ജനാധിപത്യം ഇന്ത്യയിൽ ഇന്നും നിലനില്ക്കുന്നു എന്നതു് നമ്മുടെ ഭാഗ്യമാണ്. പക്ഷേ, ഇന്നു കാണുന്നരീതിയിലുള്ള സമ്മർദങ്ങൾക്കിടയിൽ ഈ ഭാഗ്യം എത്രത്തോളം നീണ്ടുനില്ക്കും? തീക്ഷ്ണത പാടില്ല; പക്ഷേ, മാർദവം എത്രത്തോളം ആവാം?

സ്വതന്ത്രഭാരതം ഇതിനകം പല വെല്ലുവിളികളേയും നേരിട്ടിട്ടുണ്ട്. അത്ഭുതാവഹമായ ഊർജസ്വലതയോടെ പല ദേശീയവിപത്തുകളെയും നാം തരണംചെയ്തിരിക്കുന്നു. എന്നാൽ, പഞ്ചാബിൽ ഇന്ന് നമ്മെ അഭിമുഖീകരിക്കുന്നതു് അഭൂതപൂർവ്വമായ ഒരു സ്ഥിതിവിശേഷമാണ്. ഒരു പാർട്ടിയുടെ രാഷ്ട്രീയപ്രക്ഷോഭണം അവിടെ ഒരു മതവിഭാഗത്തിൻെറ 'ധർമ്മയുദ്ധ'മാക്കി മാററപ്പെട്ടിരിക്കുന്നു. അനീതിയെ ചെറുക്കുന്നതിനും ആത്മാഭിമാനം വീണ്ടെടുക്കുന്നതിനുമുള്ള ഏക മാർഗ്ഗമെന്ന നിലയിൽ നിരപരാധികളെ കൊലപ്പെടുത്തുന്നതിനുള്ള ഒരു വിസ്തൃതപരിപാടി സിഖ് യുവജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. ഈ പരിപാടിക്ക് അന്താരാഷ്ട്രീയ പിൻതുണയും ലഭിക്കുന്നു. മിതവാദത്തിനും സഹിഷ്ണുതയ്ക്കും പഞ്ചാബിൽ രക്ഷയില്ലാതായിരിക്കുന്നു.

സംഘടിതമായ ഹിംസയെ, അതു് എന്തിൻെറപേരിലായാലും, സമൂഹത്തിനെതിരായ ഒരു പാതകമായേ കണക്കാക്കിക്കൂടൂ. ബലംപ്രയോഗിച്ചുതന്നെ ഈ പാതകത്തെ നേരിടുകയും വേണം. എന്നാൽ, ഹിംസയുടെ വേരുകൾ സമൂഹത്തിൽനിന്നു പിഴുതുകളയുന്നതിനു ബലപ്രയോഗംമാത്രം പര്യാപ്തമല്ല. ശരിയായ അർത്ഥത്തിലും രൂപത്തിലും ജനാധിപത്യപ്രക്രിയകൾ നടപ്പിൽവരുത്തുകയാണ് ഉഗ്രവാദത്തിനുള്ള ശാശ്വതപരിഹാരം. ഈ തത്ത്വം അടിസ്ഥാനമാക്കിയാണ് പഞ്ചാബിൽ ഇപ്പോൾ തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നതു്. പഞ്ചാബിനെ അലട്ടുന്ന പ്രശ്നങ്ങൾക്ക്, ഭരണഘടനാവിധേയമായ രീതിയിൽ, യുക്തിസഹങ്ങളായ പരിഹാരങ്ങൾ പഞ്ചാബിലെ ബഹുജനങ്ങൾ തന്നെ കണ്ടെത്തി നടപ്പിൽ വരുത്തണം. തെരഞ്ഞെടുപ്പിൻെറ അർത്ഥം ഇതാണ്.

പഞ്ചാബിലെപ്പോലെ ഉഗ്രരൂപം കൈക്കൊണ്ടിട്ടില്ലെങ്കിലും, സമ്മർദങ്ങളും സംഘർഷങ്ങളും ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിലും നിലവിലുണ്ട്. ഈ ചുററുപാടിൽ വ്യാപകമായ ഹിംസ കത്തിപ്പടരാതെനോക്കേണ്ടതു് ഭരണകൂടത്തിൻെറ ചുമതലയാകുന്നു. ഹിംസയെന്നതുകൊണ്ട് രക്തച്ചൊരിച്ചിൽ മാത്രമല്ല ഉദ്ദേശിക്കുന്നതു്. ജനങ്ങളെ കൊള്ളയിട്ട് അന്യായമാർഗ്ഗങ്ങളിലൂടെ പണവും അധികാരവും കൈയടക്കുന്നതും ഹിംസ

തന്നെ. ഒരുപക്ഷേ, രക്തച്ചൊരിച്ചിലിനേക്കാൾ ഗർഹണീയമാണ് സാമ്പത്തികഹിംസ.

നിയമവാഴ്ച നടപ്പിൽവരുത്തുന്നതിനുള്ള ഗവണ്മെൻറിന്റെ ഉപകരണമാണല്ലോ പോലീസ്. നിർഭാഗ്യവശാൽ സ്വാതന്ത്ര്യാനന്തരത്തിൽ പോലീസിന്റെ നിലവാരം വളരെയധികം താഴ്ന്നുപോയിട്ടുണ്ട്. അക്രമങ്ങൾ തടയുന്നതിൽ മിക്കപ്പോഴും ഇന്ത്യൻ പോലീസ് പരാജയപ്പെടുന്നു. അക്രമങ്ങൾ നടന്നുകഴിഞ്ഞാൽ, കുററവാളികളെ കണ്ടുപിടിച്ച് കോടതിയിൽ എത്തിക്കുവാൻ പോലീസിന് സാധാരണഗതിയിൽ സാധിക്കാറുമില്ല. കുററവാളികളുമായി ഇടപെടുമ്പോൾ പോലീസുകാർ പ്രദർശിപ്പിക്കുന്ന മാർദവവും മര്യാദയും, നിരപരാധികളുമായി ഇടപെടുമ്പോൾ ക്രൂരതയും പരിഹാസവും ഒക്കെയായി മാറുന്നതും നാം കാണുന്നു. ലോകത്തിൽ ഏററവും ക്രൂരമായ പോലീസ് സേനകളിൽ ഒന്നാണ് ഇന്ത്യൻ പോലീസ് സേന. നിയമം ലംഘിച്ചു വൻതോതിൽ നടത്തപ്പെടുന്ന കള്ളവാററ്, കള്ളക്കടത്ത്, വ്യഭിചാരം, ചൂതുകളി മുതലായ സാമൂഹ്യകുററങ്ങൾക്ക് ഇന്ത്യയിൽ പോലീസിന്റെ സംരക്ഷണം ലഭിക്കുന്നു. നാട്ടിൽ പെരുകിവരുന്ന കള്ളപ്പണത്തിന്റെ നല്ല ഒരു പങ്കു പററുന്നത് പോലീസുകാരാണെന്നു പറയപ്പെടുന്നു. രാഷ്ട്രീയകക്ഷികളുടെ സ്വാധീനം ഇന്ത്യൻപോലീസിൽ വർധിച്ചുവരുകയാണ്. ഇതിന്റെ ഫലമാകട്ടെ, നിയമവാഴ്ച തകരുക എന്നതത്രേ. കൊലപാതകം, കൂട്ടായ്മക്കവർച്ച, ബാങ്ക്കൊള്ള, ഭവനഭേദനം, മോഷണം, ബലാത്സംഗം മുതലായവ ഏതു നഗരത്തിലാണ് നിത്യസംഭവങ്ങളായിത്തീർന്നിട്ടില്ലാത്തത്? തന്റെ വീട്ടിൽ കാവലിനു നിയമിക്കപ്പെട്ട പോലീസുകാരുടെ വെടിയേററ് ഒരു പ്രധാനമന്ത്രിക്കു മരിക്കേണ്ടിവന്നത് ഇന്ത്യയിൽ മാത്രമല്ലേ?

പോലീസ്സേനയെ പുനഃസംഘടിപ്പിക്കുകയും, സാധാരണ ജനങ്ങൾക്കു സംരക്ഷണം നൽകുന്നതിനും കുററവാളികളെ പിടികൂടി ശിക്ഷിപ്പിക്കുന്നതിനും ആവശ്യമായ പരിശീലനം പോലീസുകാർക്ക് നൽകുകയും കർശനമായ അച്ചടക്കം അവർക്കിടയിൽ നിലവിൽവരുത്തുകയുമെന്നത് ഇന്ത്യയിൽ ഒരു അടിയന്തിരാവശ്യമായിട്ടുണ്ട്. ന്യായമായ ജീവിതസൗകര്യങ്ങളും പര്യാപ്തമായ വേതനവും പോലീസുകാർക്ക് ഉറപ്പുവരുത്തണം. സാധാരണക്കാർക്ക് സംരക്ഷണം നൽകുന്നതിലും കുററങ്ങൾ തടയുന്നതിലും അവർ വീഴ്ചവരുത്താതെ നോക്കണം. രാഷ്ട്രീയപ്പാർട്ടികളുടെ സ്വാധീനത്തിൽനിന്ന് പോലീസ് തികച്ചും മുക്തമാകണം. സമൂഹത്തിൽ കുററങ്ങൾ തടയുന്നതിനും, കുററവാളികളെ കണ്ടുപിടിക്കുന്നതിനും ബഹുജനങ്ങളുടെ പൂർണ്ണ സഹകരണം പോലീസ് തേടണം; ബഹുജനങ്ങൾ ഈ സഹായം തുറന്ന മനസ്സോടെ പോലീസിനു നൽകുകയും വേണം.

തൊഴിലും ജീവിക്കാനാവശ്യമായ വരുമാനവുമുണ്ടെങ്കിൽ, എല്ലാ നാടുകളിലുമുള്ള മിക്ക ആളുകളും സ്വാഭാവികമായി ആഗ്രഹിക്കുന്നതു മററുള്ളവരെ ദ്രോഹിക്കാതെയും മററുള്ളവരാൽ ദ്രോഹിക്കപ്പെടാതെയും അടങ്ങിയൊതുങ്ങി ജീവിതസുഖം ആസ്വദിക്കാൻമാത്രമാണ്. ഈ 'നിശ്ശബ്ദഭൂരിപക്ഷ'ത്തിന് സമാധാനജീവിതം ഉറപ്പുവരുത്തുകയാണ് ഏതു ഭരണകൂടത്തിന്റെയും പ്രാഥമികമായ ചുമതല. അതു നിറവേററുന്നതിൽ പരാജയപ്പെടുന്ന സർക്കാരിന് ഭരിക്കാൻ അവകാശമില്ല.

10 സെപ്റ്റംബർ, 1985